(സി) അതു സ്റ്റേചെയ്യ കൊടുക്കുകയുണ്ടായോ;

(ഡി) ഈ ഉത്തരവു മൂലം വളരെ അധികം ക്ലാസ്സിപ്പണിക്കാർക്കു തൊഴിലില്ലാതെ ആകുമെന്നു ഗവണ്മെൻറ് മനസ്സിലാക്കുമോ;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ക്ലാസ്സിപ്പണിക്കാരുടെ അശ്രദ്ധകൊണ്ട് എത്ര ബോട്ടപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(എഫ്) ലൈസൻസുള്ള മാസ്റ്റർമാർക്ക് ബോട്ടപകടങ്ങളും മറവുള്ള ഉത്തരവാദിത്വം കണക്കിൽ രൂപ്സ് അനുസരിച്ചു വ്യക്തമാക്കപ്പെട്ടിരിക്കേ ക്ലാസ്സിപ്പണിക്കാർക്കു ലൈസൻസ് എടുക്കണമെന്നു നിർബന്ധിക്കുന്നതു നീതിയാണെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ?

മരാമത്തു വകുപ്പു മന്ത്രി (ശ്രീ. കെ. വി. വേലായുധൻ): (എ) ഉണ്ട്.

(ബി) ഉവ്വ്.

(സി) ലൈസൻസിനു് അപേക്ഷിക്കേണ്ട കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായി.

(ഡി) ഇതുമൂലം ആർക്കും തൊഴിൽ നഷ്ടപ്പെടാതിരിക്കുവാൻ പര്യാപ്തമായ വ്യവസ്ഥകളും ചെയ്തിട്ടുണ്ട്.

(ഇ) ക്ലാസ്സിപ്പണിക്കാരുടെ മാത്രം അശ്രദ്ധകൊണ്ട് ബോട്ടപകടങ്ങളും സംഭവിച്ചിട്ടില്ല.

(എഫ്) ക്ലാസ്സിപ്പണിക്കാർ ലൈസൻസ് എടുക്കണമെന്നു നിഷ്കർഷിക്കുന്നതു പ്രധാനമായും അവരുടെ ജോലിസമയം ക്രമപ്പെടുത്തിക്കൊണ്ടുള്ള നിയമം പ്രയോഗത്തിൽ വരുത്തുന്നതിലേയ്ക്കായിട്ടാണു്.

പഞ്ചായത്തിലെ കരക്കുടിശ്ശിക.

* 245. [64] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാൻഡ് റവന്യൂ ആക്ടനുസരിച്ചു് പഞ്ചായത്തുകളിലെ കരക്കുടിശ്ശിക പിരിക്കുന്നതിനു് പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാർക്കുതന്നെ അധികാരം നൽകുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): റവന്യൂ റിക്കവറി ആക്ടനുസരിച്ചു് പഞ്ചായത്തിലെ കരക്കുടിശ്ശിക ഈടാക്കുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാക്കണമെന്നുള്ള കാര്യം ആലോചിച്ചുവരികയാണു്.

പഞ്ചായത്തിൽ പ്രൊഫെഷൻ ടാക്സ് പിരിക്കൽ.

* 246. [66] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിൽ പ്രൊഫെഷൻ ടാക്സ് പിരിക്കുന്നതു് ടേൺ ഓവറിൻറെ അടിസ്ഥാനത്തിലാണോ;

(ബി) അല്ലെങ്കിൽ പ്രൊഫെഷൻടാക്സ് പിരിക്കുവാൻ പഞ്ചായത്തുകൾക്കു് ബുദ്ധിമുട്ടുണ്ടെന്ന കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ടേൺ ഓവറിന്റെ അടിസ്ഥാനത്തിലല്ലാ അറ്റാദായത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിൽ പ്രൊഫെഷൻ ടാക്സ് പിരിക്കുന്നത്. എന്നാൽ അറ്റാദായം കണക്കാക്കുന്നതിന് സാധിക്കാത്ത അവസരങ്ങളിൽ ടേൺഓവറിന്റെ നിശ്ചിത ശതമാനം ആദായമാക്കി കണക്കാക്കി അതിന്മേലാണ് നികുതി ചുമത്തുന്നത്.

(ബി) പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി അറിവില്ല.

മുനിസിപ്പൽ കമ്മീഷണറന്മാരുടെ സ്ഥലംമാറ്റം.

* 247. [67] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അസംബ്ലിക്കു ശേഷം എത്ര മുനിസിപ്പൽ കമ്മീഷണറന്മാരെ സ്ഥലം മാറ്റിയിട്ടുണ്ട്;

(ബി) ഈ സ്ഥലംമാറ്റം ആരുടെയെങ്കിലും പേരിൽ പരാതി വന്നതനുസരിച്ചാണോ;

(സി) ചേർത്തല മുനിസിപ്പൽ കമ്മീഷണരുടെ പേരിലുള്ള പരാതികളെപ്പറ്റി ചേർത്തല മുനിസിപ്പൽ കൌൺസിൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിട്ടു ചെയ്തോ;

(ഡി) എന്തു തീരുമാനമെടുത്തു?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ആറുപേരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) ഈ സ്ഥലംമാറ്റങ്ങളെല്ലാം പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയതല്ല.

(സി) അന്വേഷണം നടത്തി.

(ഡി) കമ്മീഷണരുടെ ജോലിക്കു ടിയാൻ പ്രാപ്തനല്ലെന്നു കാണുകയാൽ അദ്ദേഹത്തിന്റെ സ്ഥിരം ലാവണത്തിലേക്കു തിരിച്ചയച്ചു.

വനവർഗ്ഗക്കാരുടെ സാമൂഹ്യനില നന്നാക്കാൻ ചെലവു്.

* 248. [68] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവർഗ്ഗക്കാരുടെ സാമൂഹ്യനിലകൾ നന്നാക്കാൻ കഴിഞ്ഞവർഷത്തെ ബഡ്ജറിൽ എത്ര രൂപാ നീക്കിവച്ചിരുന്നു;

(ബി) അതിൽ എത്ര രൂപാ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവു ചെയ്തിട്ടുണ്ട്;

(സി) ചെലവുകൾ ഏതെല്ലാം ഇനങ്ങളിൽ എത്രയെത്ര രൂപാ വീതമായിരുന്നു?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 2,00,000 രൂപാ നീക്കിവച്ചിരുന്നു.

(ബി) 1,26,326 രൂപാ 8 അണ 7 പൈസ ചെലവുചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly